# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2560 17.06.2019 ലെ മറുപടിയ്ക്ക്

## പട്ടികജാതി യുവതികൾക്കായുള്ള വിവാഹധനസഹായം

| | ചോദ്യം<br>ശ്രീ.എം. ഉമ്മർ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി യുവതികൾക്കായുള്ള വിവാഹധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | എ) | വിവാഹ ധനസഹായ പദ്ധതി പ്രകാരം 1,00,000/-രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺ കുട്ടികളുടെ വിവാഹത്തിന് 75,000/-രൂപ ധനസഹായം അനുവദിച്ചുവരുന്നു. വിവാഹം കഴിഞ്ഞ് 1 വർഷത്തിനുള്ളിൽ അതാത് ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ രേഖകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത് തുടങ്ങിയവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പെൺകുട്ടിയുടെ ആദ്യ വിവാഹത്തിന് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്. |
| ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ച് വിവാഹധനസഹായത്തിന് അർഹത നേടുന്നവർക്ക് അവ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | സാമ്പത്തിക വർഷാന്ത്യത്തിൽ ഫണ്ടിന്റെ കുറവുമൂലം ചില അപേക്ഷകളിൽ ധനസഹായം നൽകാൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | എങ്കിൽ ധനസഹായം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | സി) | 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം കണക്കിലെടുത്ത് പദ്ധതി തുക കുറവു വരുത്തിയതിനാലാണ് ധനസഹായം നൽകുന്നതിന് കാലതാമസം നേരിട്ടത്. |
| ഡി) | 2017-18 സാമ്പത്തികവർഷം അർഹത നേടിയ, ഇനിയും സഹായം ലഭിക്കാത്തവരെ സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ? | | 2017-18 സാമ്പത്തിക വർഷം വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച അർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും നിലവിൽ ധനസഹായം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**